നമ്പർ എ1/ 5459/2020 — വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി: 16/03/2020

## സർക്കുലർ

വിഷയം:- ജീവനം-**2020-21** അദ്ധ്യയന വർഷത്തെ ഭാഷാ/ഭാഷേതരദ്ധ്യാപക തസ്തികയിലെ സ്ഥാനകയറ്റം അപേക്ഷകൾ ക്ഷണിക്കുന്നതു സംബന്ധിച്ച്

സൂചന:- 1. സർക്കാർ ഉത്തരവ് നം.എം.എസ്.72/1982/പൊ.വി.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30.6.09 തീയതിയിലെ സർക്കുലർ നം.എ1/43189/09

*****

**2020-21** അദ്ധ്യയന വർഷത്തെ ഹൈസ്കൂൾ ഭാഷേതര/ഭാഷാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനായി നിശ്ചിത യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷയുടെ മാതൃക ഇതോടനുബന്ധമായി ചേർത്തിരിക്കുന്നു.

**2019-20 അദ്ധ്യയന വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരും ഇപ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

സ്ഥാനകയറ്റത്തിനായി അപേക്ഷിക്കുന്ന തസ്തികയുടെ പേര് ചുവന്ന മഷിയിൽ അപേക്ഷയുടെ മുകളിലായി രേഖപ്പെടുത്തേണ്ടതാണ്. ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ പൂരിപ്പിച്ച അപേക്ഷകൾ സർവ്വീസ് ബുക്കുമായി ഒത്തു നോക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖാന്തിരം തസ്തിക തിരിച്ച് **31/03/2020** ന് മുൻപായി ഈ ആഫീസിലേക്ക് എത്തിക്കേണ്ടതാണ്.

വിവിധ തസ്തികകളിലെ സ്ഥാനകയറ്റത്തിനായി തയ്യാറാക്കുന്ന താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് 15.05.2020 നകം ഈ ആഫീസിൽ/വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെട്ട അദ്ധ്യാപകർ ടി സീനിയോറിറ്റി ലിസ്റ്റ് നിർബന്ധമായും പരിശോധിക്കുകയും പരാതിയുള്ള പക്ഷം 15/06/2020 ന് മുൻപായി ഈ ആഫീസിൽ രേഖാമൂലം നൽകേണ്ടതുമാണ്.**ലിസ്റ്റ് അന്തിമമാക്കിയതിനു ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

OFFICE OF THE DEPUTY DIRECTOR ... ERNAKULAM ... KOCHI-30